FRIDAY 24.11.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)24/11/2023

1. കാർഷിക വിളകൾ നശിപ്പിക്കുന്ന വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കുന്നതിനായി ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്നും വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് കൃഷിവകുപ്പ് പ്രവർത്തിക്കുമെന്നും കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് അറിയിച്ചു. നവകേരള സദസിന്റെ ഭാഗമായി വയനാട് ജില്ലയിലെ കല്പറ്റ മണിയങ്കോട് എസ്റ്റേറ്റ് ചിരദീപ് എന്ന കർഷകന്റെ കൃഷി സ്ഥലം സന്ദർശിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

2. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് വയനാട് ജില്ലയിലെ വടകര, നാദാപുരം, കുറ്റ്യാടി, പേരാമ്പ്ര സംഘടിപ്പിക്കുന്നു.

3. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ പൂർണ്ണമായും ജൈവ ഭക്ഷണ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക

പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ 'ശുദ്ധജല മത്സ്യകൃഷി' എന്ന വിഷയത്തിൽ 29.11.2023-ന് പരിശീലനം സംഘടിപ്പിക്കുന്നു . 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ താഴെ ഫറയുന്ന ഫോൺ നമ്പറിൽ 29.11.2023 ന് മുമ്പായി ബന്ധപ്പെടുക.ഫോൺ നമ്പർ : 0487 2370773

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. റബ്ബറിന്റെ നടീൽ, പരിപാലനം എന്നിവയുൾക്കൊള്ളിച്ചു കൊണ്ടുള്ള ഓൺലൈൻ പരിശീലനം 2023 നവംബർ 28-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ-മെയിൽ: training@rubberboard.org.in

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി" എന്ന വിഷയത്തിൽ ഇന്ന് (നവംബർ 24) ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ10 മണി മുതൽ 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. തിരുവനന്തപുരം പട്ടം ക്ഷീര പരിശീലന കേന്ദ്രത്തിൽ **22.11.2023 മുതൽ 27.11.2023** വരെ നടത്താനിരുന്ന **ശാസ്ത്രീയ പശു പരിപാലനം** എന്ന പരിശീലന പരിപാടി ചില സാങ്കേതിക കാരണങ്ങളാൽ **25.11.2023 മുതൽ 30.11.2023** വരെയുള്ള തീയതിയിലേക്ക് മാറ്റിയതായി ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.പരിശീലനാർഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ ഒറിജിനലും ആയതിന്റെ ഓരോ പകർപ്പും കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2440911 എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ, തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **കന്നുകാലി ഫാമുകളിലെ ജൈവമാലിന്യ സംസ്കരണവും ജൈവസുരക്ഷയും** എന്നവിഷയത്തിൽ 28.11.23 ന് ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. ജൈവ ജീവാണു ഉപാധികൾ ഉപയോഗിച്ചുള്ള ചാണക സമ്പുഷ്ടീകരണം, ജീവാണു വളങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ച് വിശദമായ ക്ലാസ്സും പ്രാക്ടിക്കലും ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിശീലന

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ നവംബർ 25നു മുമ്പായി ബന്ധപ്പെടുക.

9. നവകേരള സദസ്സിന്റെ ഭാഗമായി കണ്ണൂർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് നവംബർ 27ന് പെറ്റ് ഡോഗ് മാനേജ്മെൻറ്, 28ന് മുട്ടക്കോഴി വളർത്തൽ, 29ന് ഇറച്ചിക്കോഴി വളർത്തൽ എന്നീ വിഷയത്തിൽ പരിശീലനം നൽകുന്നു. ഈ പരിശീലന ക്ലാസിൽ കണ്ണൂർ, കാസർകോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർക്ക് പങ്കെടുക്കാവുന്നതാണ്.

10. പാലക്കാട് പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ **മുയൽ വളർത്തൽ** എന്ന വിഷയത്തിൽ ഏകദിന പരിശീലനം നവംബർ 25 ന് രാവിലെ 10 മണി മുതൽ 1 മണിവരെ നൽകുന്നു. താല്പര്യമുള്ളവർക്ക് 0466 2212279, 2912008, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

11. റബ്ബറിന്റെ നടീൽ, പരിപാലനം എന്നിവയുൾക്കൊള്ളിച്ചു കൊണ്ടുള്ള ഓൺലൈൻ പരിശീലനം 2023 നവംബർ 28-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ-മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം